# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1468 14/06/2013-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതിയുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എ. എ. അസീസ്

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) നിറവ് പദ്ധതി ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

എ) നിറവ് പദ്ധതി നിലവിൽ സംസ്ഥാനത്ത് 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | നിയോജകമണ്ഡലം |
|---|---|
| 1. കണ്ണൂർ | കൂത്തുപറമ്പ് |
| 2.കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 3. വയനാട് | കല്പറ്റ |
| 4. മലപ്പുറം | കോട്ടയ്ക്കൽ |
| 5. തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6.എറണാകുളം | പറവൂർ |
| 7. ഇടുക്കി | തൊടുപുഴ |
| 8. ആലപ്പുഴ | ചെങ്ങന്നൂർ |
| 9. കൊല്ലം | പത്തനാപുരം |
| 10. കോട്ടയം | പാലാ |

ബി) ഈ വർഷം ഏതൊക്കെ മണ്ഡലങ്ങളിലാണ് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

ബി) സംസ്ഥാനത്തെ 30 നിയോജക മണ്ഡലങ്ങളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മണ്ഡലങ്ങൾ തീരുമാനിച്ചിട്ടില്ല.

സി) പ്രസ്തുത പദ്ധതി വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

സി) ഈ പദ്ധതി പ്രകാരം ആർ.കെ.വി.വൈ ഫണ്ടുപയോഗിച്ച് ഓരോ നിയോജക മണ്ഡലത്തിലും രണ്ടുകോടി രൂപയിൽ കവിയാത്തതും അതാതു മണ്ഡലത്തിന്റെ കാർഷിക സാമ്പത്തിക വളർച്ചയ്ക്കുതകുന്നതുമായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യകൃഷി വികസനം, മണ്ണു സംരക്ഷണം പദ്ധതികൾ നടത്തിവരുന്നു. ഇവയ്ക്ക് ആർ.കെ.വി.വൈ പദ്ധതി മാനദണ്ഡമനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

Sushams
**സെക്ഷൻ ഓഫീസർ**